# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1744** **01.11.2019 -ലെ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം, കോളേജ് മാറ്റം എന്നിവ നടത്തുന്നതിന് അധികാരം**

*ചോദ്യം* | *ഉത്തരം*

**ശ്രീ. ഷാഫി പറമ്പിൽ**

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം, കോളേജ് മാറ്റം എന്നിവ നടത്തുന്നതിന് നിലവിൽ ആർക്കാണ് അധികാരം ഉള്ളത്; വകുപ്പ് മന്ത്രിക്ക് ഇക്കാര്യത്തിൽ പ്രത്യേകമായി എന്തെങ്കിലും അധികാരമോ അവകാശമോ ഉണ്ടോ; വിശദമാക്കുമോ; | (എ) | സർവ്വകലാശാലകളുടെ കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിലേക്കുള്ള ബിരുദ, ബിരുദാനന്തര പ്രവേശനം, കോളേജ് മാറ്റം എന്നിവ നടത്തുന്നത് ബന്ധപ്പെട്ട സർവ്വകലാശാലയാണ്. |
| (ബി) | ചേർത്തല എൻ. എസ്. എസ്. കോളേജിൽ ഈ വർഷം ഡിഗ്രിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥിനിക്ക് തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിലേക്ക് മാറ്റം അനുവദിക്കുവാൻ വകുപ്പ് മന്ത്രി തലത്തിൽ നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; | (ബി) | ചേർത്തല എൻ.എസ്.എസ്. കോളേജിൽ ബി.എസ്.സി ബോട്ടണി കോഴ്സിൽ 2019-20 അദ്ധ്യയന വർഷം പ്രവേശനം ലഭിച്ച നെല്ലിമൂട് സ്വദേശിനിയായ വിദ്യാർത്ഥിനി ടിയാൾക്ക് പ്രവേശനം ലഭിച്ച ചേർത്തല എൻ.എസ്.എസ്. കോളേജ് സ്വദേശത്ത് നിന്ന് വളരെ ദൂരെയായതിനാൽ ദിവസവും പോയി വരാൻ കഴിയില്ലെന്നും, മാതാവ് മുമ്പ് തന്നെ മരണപ്പെട്ടതാണെന്നും അവിടെ താമസിച്ച് പഠിക്കുന്നതിനുള്ള ഒരു സാഹചര്യവും ഇല്ലെന്നും ആയതിനാൽ ടിയാളുടെ വാസസ്ഥലത്തു നിന്നും ദിവസവും പോയി വരാൻ കഴിയുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലോ/ഗവ. വിമൺസ് കോളേജിലോ ബി.എസ്.സി ബോട്ടണി കോഴ്സിൽ ഒരു അധിക സീറ്റ് അനുവദിച്ച് പ്രവേശനം നൽകണമെന്നും ചൂണ്ടിക്കാട്ടി സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. വിദ്യാർത്ഥിനിയുടെ നിവേദനത്തിലെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ചും |

| | | | |
|---|---|---|---|
| | | | അപേക്ഷകയ്ക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടാതിരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധത മുൻനിർത്തിയും വിദ്യാർത്ഥിനിയ്ക്ക് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ബി. എസ്. സി ബോട്ടണി കോഴ്സിൽ സൂപ്പർ ന്യൂമററി ആയി ഒരു സീറ്റ് അനുവദിച്ച് പ്രവേശനം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. |
| (സി) | തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിലേക്ക് മാറ്റം അനുവദിച്ച വിദ്യാർത്ഥിനിയുടെ ഇൻഡക്സ് മാർക്ക് എത്രയായിരുന്നു; പ്രസ്തുത വിദ്യാർത്ഥിനിക്ക് പ്രവേശനം ലഭിച്ച വിഷയത്തിൽ പൊതുവിഭാഗത്തിലെ കുട്ടികളുടെ ഏറ്റവും കുറഞ്ഞ ഇൻഡക്സ് മാർക്ക് എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ? | (സി) | വിദ്യാർത്ഥിനിയുടെ ബി. എസ്. സി ബോട്ടണിക്കുള്ള ഇൻഡക്സ് മാർക്ക് **828.33** ആണ്. ബി. എസ്. സി. ബോട്ടണിക്ക് മേല്പറഞ്ഞ കോളേജിൽ പ്രവേശനം നേടിയ പൊതുവിഭാഗത്തിലെ ഏറ്റവും കുറഞ്ഞ ഇൻഡക്സ് മാർക്ക് **1221** ആണ്. |

സെക്ഷൻ ഓഫീസർ.